കേരള സർക്കാർ
സംഗ്രഹം

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി തയ്യാറാക്കൽ–മാർഗ്ഗനിർദ്ദേശങ്ങൾ –ഭേദഗതി ചെയ്ത് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തിക കാര്യ(എ) വകുപ്പ്

സ.ഉ.(എം. എസ്) 50/2002/പ്ലാനിംഗ് തിരുവനന്തപുരം, 2002, ഒക്ടോബർ,29

---

പരാമർശം:–1. 06/06/2002 ലെ (എം.എസ്) 20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
2. 30/09/2002 ലെ (എം.എസ്) 41/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്

## ഉത്തരവ്

1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പത്താം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന് വിശദമായ മാർഗ്ഗരേഖ മുകളിൽ ഒന്നാമത് പരാമർശിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവല്ക്കരിക്കുന്നതിന്റെ ഭാഗമായി പത്താം പഞ്ചവത്സര പദ്ധതിയിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും കഡസ്ട്രൽ ഭൂപടങ്ങൾ ഡിജിറ്റൈസ് ചെയ്ത് അച്ചടിക്കേണ്ടതാണെന്നും അതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു വിഭാഗം പദ്ധതി വിഹിതത്തിൽ നിന്ന് വഹിക്കേണ്ടതാണെന്നും മുകളിൽ രണ്ടാമത് പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

3. അതു പ്രകാരം കഡസ്ട്രൽ ഭൂപടങ്ങൾ തയ്യാറാക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു.

(i) റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ കഡസ്ട്രൽ ഭൂപടങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ ഡിജിറ്റൈസ് ചെയ്ത്, വാർഡുകൾ രേഖപ്പെടുത്തി, അച്ചടിച്ച് അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കേണ്ടതാണ്.

(ii) തദ്ദേശഭരണ സ്ഥാപനങ്ങൾ ആ ഭൂപടങ്ങളിൽ പ്രധാനപ്പെട്ട അതിരുകൾ, വഴികൾ, സ്ഥലങ്ങൾ മുതലായവയും പോസ്റ്റോഫീസ് പോലുള്ള സ്ഥാപനങ്ങളുടെ സ്ഥാനവും രേഖപ്പെടുത്തി ഇൻഫർമേഷൻ കേരള മിഷന് തിരികെ നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ, കൈമാറ്റം ചെയ്യപ്പെട്ട എൻജിനീയറിംഗ് ഉദ്യോഗസ്ഥർ, ഭൂപടങ്ങൾ തയ്യാറാക്കുന്നതിൽ പ്രാവീണ്യമുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഈ പ്രവൃത്തിക്ക് ഉപയോഗിക്കേണ്ടതാണ്.

(iii) ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും വാർഡിനടിസ്ഥാനത്തിലുള്ള ഭൂപടങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ തന്നെ അന്തിമമായി തയ്യാറാക്കി നല്കുന്നതാണ്.

4. കഡസ്ട്രൽ ഭൂപടങ്ങൾ ഡിജിറ്റൈസ് ചെയ്ത് അച്ചടിച്ച് അന്തിമ കോപ്പി നല്കുന്നതിന് ആവശ്യമായ യഥാർത്ഥ ചെലവ് ചുവടെ വിവരിക്കുന്ന പരിധിക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് നല്കേണ്ടതാണ്.

| തദ്ദേശഭരണ സ്ഥാപനം | ഒരു വാർഡിന് നല്കാവുന്ന തുക (രൂപ) |
|---|---|
| (i) ഗ്രാമ പഞ്ചായത്തുകൾ | 200 |
| (ii) മുനിസിപ്പാലിറ്റികൾ | 400 |
| (iii) കോർപ്പറേഷനുകൾ | 600 |

5. ഈ പരിപാടിയുടെ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുള്ള ചുമതല ഇൻഫർമേഷൻ കേരള മിഷനാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്. എം. വിജയാനന്ദ്
ഗവൺമെന്റ് സെക്രട്ടറി (ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടർ
2. മുനിസിപ്പൽ ഭരണ ഡയറക്ടർ
3. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമ വികസനം
4. ഗവൺമെന്റ് സെക്രട്ടറി തദ്ദേശ സ്വയം ഭരണം (Ruural)
5. ഗവൺമെന്റ് സെക്രട്ടറി തദ്ദേശ സ്വയം ഭരണം (Urban)
6. ഗവൺമെന്റ് സെക്രട്ടറി പട്ടികജാതി/പട്ടികവർഗ്ഗ വികസനം
7. മറ്റ് എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, ഗവൺമെന്റ് സെക്രട്ടറിമാർക്കും
8. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
9. ഡയറക്ടർ, പട്ടികജാതി വികസനം
10. ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (അടിയന്തര പത്രക്കുറിപ്പിന്)
11. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
12. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർ പേഴ്സൺമാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർക്കും
14. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും
15. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും
16. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും
17. എല്ലാ കോർപ്പറേഷനുകളിലെയും മേയർമാർക്കും, സെക്രട്ടറിമാർക്കും
18. എല്ലാ മുനിസിപ്പാലിറ്റികളിലേയും ചെയർപേഴ്സൺമാർക്കും, സെക്രട്ടറിമാർക്കും
19. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും

പകർപ്പ്

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. മറ്റു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
5. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ
6. ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്
7. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
8. തദ്ദേശസ്വയംഭരണ വകുപ്പ്
9. ഗ്രാമ വികസന വകുപ്പ്
10. ആസൂത്രണ വകുപ്പ്